കുട്ടനാട് പാക്കേജ്

141 (7438) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിന്റെ പുരോഗതി വിശദമാക്കാമോ ;

(ബി) പാക്കേജിൽ നാളിതുവരെ എത്ര കോടി രൂപയുടെ ഡി.പി.ആർ. സമർപ്പിച്ചു ; എത്ര കോടി രൂപ പിൻവലിച്ചു ; എത്ര കോടി രൂപ ചെലവഴിച്ചു ; വ്യക്തമാക്കുമോ ;

(സി) പാക്കേജിനായി നാളിതുവരെ കേന്ദ്ര സർക്കാർ എത്ര കോടി രൂപ അനുവദിച്ചു ; അതിൽ എത്ര തുക ചെലവഴിച്ചു ;

(ഡി) പാക്കേജിനായി നാളിതുവരെ സംസ്ഥാന സർക്കാർ എത്ര കോടി രൂപ ചെലവഴിച്ചു ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിശദമായ റിപ്പോർട്ട് അനുബന്ധം (1)*-ൽ ഉള്ളടക്കം ചെയ്യുന്നു.*

(ബി) നാളിതുവരെ 2509.52 കോടി രൂപയുടെ ഡി.പി.ആർ.കളാണ് കുട്ടനാട് പാക്കേജിൻ കീഴിൽ സമർപ്പിച്ചത്. 429.67 കോടി രൂപയാണ് റിലീസ് ചെയ്തത്. 358.07 കോടി രൂപ ചെലവഴിച്ചു. വിശദമായ റിപ്പോർട്ട് അനുബന്ധം (1)-ൽ ഉള്ളടക്കം ചെയ്യുന്നു.*

(സി) കുട്ടനാട് പാക്കേജിനായി നാളിതുവരെ കേന്ദ്രസർക്കാർ അനുവദിച്ചത്/റിലീസ് ചെയ്തത് 350.881 കോടി രൂപയാണ്. ഇതിൽ ചെലവഴിച്ചത് 280.006 കോടി രൂപയാണ്.

(ഡി) 50 ലക്ഷത്തിന് താഴെ ചെലവുള്ള പദ്ധതികൾക്ക് സംസ്ഥാന സർക്കാരും 50 ലക്ഷത്തിന് മേൽ ചെലവുള്ള പദ്ധതികൾക്ക് കേന്ദ്രസർക്കാരും ഫണ്ട് വഹിക്കണമെന്ന നിബന്ധനയിലാണ് കുട്ടനാട് പാക്കേജിന് കാബിനറ്റ് അംഗീകാരം ലഭിച്ചത്. കുട്ടനാട് പാക്കേജിനായി നാളിതുവരെ സംസ്ഥാനസർക്കാർ ചെലവഴിച്ചത് 78.065 കോടി രൂപയാണ്. ഇതിൽ ജലസേചന വകുപ്പിന്റെ എഫ്.എം.പി. പദ്ധതികൾക്കായി സംസ്ഥാന വിഹിതമായ 72.43 കോടി രൂപയും ഉൾപ്പെടുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly